# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 24.07.2025**

### പ്രധാനവാർത്തകൾ

1. ഇന്ത്യാ-യുകെ വ്യാപാര ബന്ധത്തിൽ ചരിത്ര മുഹൂർത്തം കുറിച്ച് സ്വതന്ത്ര വ്യാപാര കരാർ യാഥാർത്ഥ്യമായി. ഇന്ത്യാ-യുകെ ഉഭയകക്ഷി ബന്ധത്തിലെ സുപ്രധാന ദിനമാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
2. സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനായി ദേശീയ സഹകരണ നയം പ്രഖ്യാപിച്ച് കേന്ദ്രമന്ത്രി അമിത് ഷാ.
3. മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദന്റെ നിര്യാണത്തിൽ അഗാധ ദുഃഖം രേഖപ്പെടുത്തി സംസ്ഥാന മന്ത്രിസഭായോഗം
4. സംസ്ഥാനത്തെ സ്കൂളുകളിലെ പഴയ കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നത് ദ്രുതഗതിയിലാക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി
5. കേരളത്തിൽ കനത്ത മഴ തുടരുമെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.
6. മാഞ്ചസ്റ്റർ ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു.

**********************************

RNU TVPM

## ഇന്ത്യാ-യുകെ-പി എം (ഇൻട്രോ)

ഇന്ത്യാ-യുകെ വ്യാപാര ബന്ധത്തിൽ ചരിത്ര മുഹൂർത്തം കുറിച്ച് സ്വതന്ത്ര വ്യാപാര കറാറിൽ ഇരു രാജ്യങ്ങളും ഒപ്പുവച്ചു. യുകെ പര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെയും, ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാർമറുടെയും സാന്നിധ്യത്തിലാണ് കരാർ യാഥാർത്ഥ്യമായത്. ഇന്ത്യാ-യുകെ ഉഭയകക്ഷി ബന്ധത്തിലെ ചരിത്ര ദിവസമാണിതെന്നും, വർഷങ്ങൾ നീണ്ട കഠിന പ്രയത്നത്തിനാണ് സാക്ഷാത്കാരമായതെന്നും ബ്രിട്ടീഷ് പ്രധാനമന്ത്രിയുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം, ശ്രീ മോദി വ്യക്തമാക്കി. ഇന്ത്യൻ വസ്ത്രങ്ങൾ, പാദരക്ഷകൾ, സമുദ്രോത്പന്നങ്ങൾ, എഞ്ചിനീയറിങ്ങ് സാമഗ്രികൾ തുടങ്ങിയവയുടെ യുകെയിലെ വിപണന സാധ്യത കരാറിലൂടെ വർദ്ധിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയിലെ യുവജനങ്ങൾക്കും, കർഷകർക്കും, മത്സ്യത്തൊഴിലാളികൾക്കും, എംഎസ്എംഇ മേഖലയ്ക്കും സ്വതന്ത്ര വ്യാപാര കരാർ ഏറെ പ്രയോജനം ചെയ്യുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്)

യൂറോപ്യൻ യൂണിയൻ വിട്ടശേഷം യുകെ ഒപ്പു വയ്ക്കുന്ന ഏറ്റവും സാമ്പത്തിക പ്രാധാന്യമുള്ള വ്യാപാര കരാറാണിതെന്ന് കിയർ സ്റ്റാർമർ അഭിപ്രായപ്പെട്ടു. 99 ശതമാനം ഇന്ത്യൻ കയറ്റുമതി ഉത്പന്നങ്ങൾക്കും തീരുവയിളവ് ഉറപ്പുവരുത്തുന്ന സ്വതന്ത്ര വ്യാപാര കരാർ, രാജ്യത്ത് തൊഴിലവസരങ്ങൾ വർദ്ധിക്കുന്നതിനും കാരണമാവും.

********************************

## ദേശീയ സഹകരണ നയം

ഇന്ത്യയിലെ സഹകരണ പ്രസ്ഥാനത്തെ പുതിയ ഉയരങ്ങളിലെത്തിക്കാൻ ലക്ഷ്യമിടുന്ന ദേശീയ സഹകരണ നയം 2025 കേന്ദ്ര ആഭ്യന്തര-സഹകരണ മന്ത്രി അമിത് ഷാ പ്രഖ്യാപിച്ചു. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ പുതിയ സഹകരണനയം നിർണായക പങ്ക് വഹിക്കുമെന്ന് അദ്ദേഹം പറഞ്ഞു. സഹകരണ സ്ഥാപനങ്ങളുടെ അടിസ്ഥാന തല

RNU TVPM

പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖ യായിരിക്കുംപുതിയ നയമെന്നും ശ്രീ അമിത്ഷാ വ്യക്തമാക്കി. 2002 ലാണ് രാജ്യത്ത് ആദ്യ ദേശീയ സഹകരണ നയം പുറത്തിറക്കിയത്.

*********************************

## മന്ത്രിസഭായോഗ തീരുമാനങ്ങൾ

മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദന്റെ നിര്യാണത്തിൽ അഗാധ ദുഃഖം രേഖപ്പെടുത്തി സംസ്ഥാന മന്ത്രിസഭായോഗം. ഉജ്വല സമര പാരമ്പര്യത്തിൻറെയും, നിശ്ചയദാർഢ്യത്തിൻറെയും പ്രതീകമായിരുന്നു വി.എസ് എന്ന് മന്ത്രിസഭ അനുശോചന കുറിപ്പിൽ പറഞ്ഞു. ജനങ്ങളുടെ പ്രശ്നങ്ങൾക്കൊപ്പം നിന്ന അദ്ദേഹത്തിൻറെ ജീവിതം ആധുനിക കേരളചരിത്രവുമായി വേർവെടുത്താനാവാത്ത വിധം ബന്ധപ്പെട്ടു നിൽക്കുന്നതാണെന്നും മന്ത്രിസഭ വ്യക്തമാക്കി. ഏറ്റവും കൂടുതൽ പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന വയനാട്, ഇടുക്കി ജില്ലകളിൽ ദുരന്ത നിവാരണ ഡെപ്യൂട്ടി കളക്ടർ തസ്തിക സൃഷ്ടിക്കാനും ഇന്ന് ചേർന്ന സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. കേരളാ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ രണ്ടാംഘട്ട ക്യാമ്പസ് നിർമാണത്തിനായി തിരുവനന്തപുരത്ത് മേൽ തോന്നയ്ക്കൽ, അണ്ടൂർക്കോണം പഞ്ചായത്തുകളിലുൾപ്പെട്ട 28 ഏക്കർ ഭൂമി കൈമാറാനും യോഗത്തിൽ ധാരണയായി.

RNU TVPM

*********************************

## വർഷകാല സമ്മേളനം

വർഷകാല സമ്മേളനത്തിൻറെ നാലാം ദിനത്തിലും, പ്രതിപക്ഷ പ്രതിഷേധത്താൽ പ്രക്ഷുബ്ധമായി പാർലമെൻറ്. നടപടികൾ വേഗത്തിൽ പൂർത്തിയാക്കി ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ബിഹാർ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവും, മറ്റ് വിഷയങ്ങളും ഉയർത്തി സമ്മേളനം ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷം മുദ്രാവാക്യങ്ങളുമായി

രംഗത്തെത്തി. രാജ്യസഭയിലും സമാന രീതിയിലുള്ള പ്രതിഷേധമാണ് ഉണ്ടായത്. തുടർന്ന് രണ്ട് മണി വരെ നിർത്തിവച്ച നടപടികൾ പുനരാരംഭിച്ചെങ്കിലും പ്രതിഷേധം തുടർന്നതിനാൽ ഇരുസഭകളും ഇന്നത്തേക്ക് പിരിയുകയായിരുന്നു.

*******************************

## വി ശിവൻകുട്ടി

സംസ്ഥാനത്തെ സ്കൂളുകളിലെ പൊളിക്കേണ്ട നിലയിലുള്ള പഴയ കെട്ടിടങ്ങൾ പൊളിക്കുന്നത് ദ്രുതഗതിയിലാക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. സംസ്ഥാന വിദ്യാഭ്യാസ ചരിത്രത്തിൽ ആദ്യമായി വിവിധ ഫണ്ടുകൾ ഉപയോഗിച്ച് 5000 കോടി രൂപയുടെ പുതിയ സ്കൂൾ കെട്ടിടങ്ങളാണ് പൊതു വിദ്യാലയങ്ങളിൽ ഇക്കാലയളിൽ നിർമ്മിച്ചത്. എന്നാൽ പുതിയ സ്കൂൾ കെട്ടിടങ്ങളിൽ ക്ലാസുകൾ ആരംഭിച്ചിട്ടും പലയിടത്തും പഴയ സ്കൂൾ കെട്ടിടങ്ങൾ അതേപടി നിലനിൽക്കുകയാണ്. ന്യായമായും നിയമപരമായും ചെയ്യേണ്ട കാര്യങ്ങൾ അടിയന്തരമായി ചെയ്ത് പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റാനുള്ള നടപടികൾ കൈക്കൊള്ളുമെന്ന് മന്ത്രി പറഞ്ഞു.

*******************************

## കർക്കടക വാവ്

കർക്കടകവാവിനോടനുബന്ധിച്ച് സംസ്ഥാനത്തെ ബലിതർപ്പണ കേന്ദ്രങ്ങളിൽ ഇന്ന് പിതൃ മോക്ഷ പുണ്യം തേടി പതിനായിരങ്ങൾ എത്തിച്ചേർന്നു. ആലുവ മണപ്പുറം, പെരുമ്പാവൂർ ചേലാമറ്റം, വയനാട് തിരുനെല്ലി, വരയ്ക്കൽ കടപ്പുറം, തിരുന്നാവായ നാവാമുകുന്ദ ക്ഷേത്രം, തിരുവല്ലം, ശംഖുമുഖം, തിരുമുല്ലവാരം, പമ്പ ത്രിവേണി, തുടങ്ങി പ്രധാന കേന്ദ്രങ്ങളിൽ ബലിതർപ്പണ ചടങ്ങുകൾ നടന്നു. ക്ഷേത്രങ്ങളിലും, സ്നാനഘട്ടങ്ങളിലും വലിയ ജനത്തിരക്കാണ് രാവിലെ മുതൽ അനുഭവപ്പെട്ടത്. ശക്തമായ നീരൊഴുക്കുള്ളതിനാൽ പമ്പ, അച്ചൻകോവിൽ,

RNU TVPM

മണിമല, ഭാരതപ്പുഴ, പെരിയാർ തുടങ്ങിയ നദികളിൽ ബലിതർപ്പണവുമായി ബന്ധപ്പെട്ട് ജാഗ്രത നിർദേശം നൽകിയിരുന്നു.

********************************

## പെൻഷൻ വിതരണം

ജൂലൈ മാസത്തിലെ ക്ഷേമ പെൻഷൻ വിതരണം സംസ്ഥാനത്ത് നാളെ ആരംഭിക്കുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. ഇതിനായി 831 കോടി രൂപ അനുവദിച്ചു. 62 ലക്ഷത്തോളം പേർക്കാണ് 1,600 രൂപവീതം ലഭിക്കുന്നത്.

********************************

## പാഠ്യപദ്ധതി പരിഷ്കരണം

ഹയർസെക്കൻഡറി തലത്തിലെ പാഠപുസ്തകങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് തുടക്കം കുറിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് . ഇതിന്റെ ഭാഗമായി പൊതുജനാഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിനുള്ള ജനകീയ ചർച്ചകളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി കെ.എൻ ബാലഗോപാൽ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. ദേശീയതലത്തിൽ നടന്ന വിദ്യാഭ്യാസ സർവേയിൽ കേരളം കൈവരിച്ച വിജയത്തിന്റെ ഔദ്യോഗിക പ്രഖ്യാപനവും ചടങ്ങിൽ നടക്കും.

RNU TVPM

********************************

## അസിസ്റ്റന്റ് ഡയറക്ടറായി ചുമതലയേറ്റു.

തിരുവനന്തപുരം ആകാശവാണി വാർത്താ വിഭാഗം അസിസ്റ്റന്റ് ഡയറക്ടറായി എം സ്മിതി ചുമതലയേറ്റു. ഇന്ത്യൻ ഇൻഫർമേഷൻ സർവ്വീസ് ഉദ്യോഗസ്ഥനായ അദ്ദേഹം ആകാശവാണി കൊച്ചി ലേഖകനായും, സിബിസി, പിഐബി, പബ്ലിക്കേഷൻസ് ഡിവിഷൻ, തുടങ്ങി വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിൻറെ വിവിധ മാധ്യമ വിഭാഗങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. എറണാകുളം പള്ളുരുത്തി സ്വദേശിയാണ്.

********************************

## മുണ്ടിനീര് (ഇൻട്രോ)

തിരുവനന്തപുരം ജില്ലയിൽ മുണ്ടിനീര് ബാധിക്കുന്നവരുടെ എണ്ണം വീണ്ടും ഉയരുന്നു. വിദ്യാർഥികളെയും യുവാക്കളെയുമാണ് രോഗം കൂടുതൽ ബാധിക്കുന്നത് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.
വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്.........
(വോയ്സ്)

**********************************

## ആറന്മുള വള്ളസദ്യ

ആറന്മുള വള്ളസദ്യയുമായി ബന്ധപ്പെട്ട് പള്ളിയോട സേവാസംഘവും തിരുവിതാംകൂർ ദേവസ്വം ബോർഡും തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളില്ലെന്ന് ദേവസ്വം ബോർഡ് പ്രസിഡൻറ് പി. എസ്. പ്രശാന്ത് . വള്ളസദ്യ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഏറ്റെടുക്കണമെന്ന ഹൈക്കോടതി നിർദ്ദേശത്തിന്റെ കൂടി അടിസ്ഥാനത്തിലാണ് തീരുമാനം. പള്ളിയോട സേവാ സംഘത്തിന്റെ അറിവില്ലാതെയാണ് തീരുമാനമെന്ന പ്രചാരണം അടിസ്ഥാനരഹിതമാണെന്നും ദേവസ്വം ബോർഡ് വ്യക്തമാക്കി .

RNU TVPM

**********************************

## കണ്ണൂർ (ഇൻട്രോ)

പത്താം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും റോബോട്ടിക്സ് മേഖലയിൽ പഠനവും, പ്രായോഗിക പരിശീലനവും നടത്തുന്നതിനായി കണ്ണൂർ ജില്ലയിലെ 180 സ്കൂളുകളിൽ റോബോട്ടിക്സ് കിറ്റുകൾ വിന്യസിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ കൈറ്റ് ആണ് വിന്യാസം നടത്തുന്നത്.
വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.
(ഹോൾഡ് വോയ്സ്)

**********************************

## മഴ

സംസ്ഥാനത്ത് കനത്ത മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 28 വരെ മത്സ്യബന്ധനത്തിന് പോകരുതെന്ന് നിർദ്ദേശം. ജലനിരപ്പ് അപകടകരമായ രീതിയിൽ തുടരുന്നതിനാൽ കേന്ദ്ര ജല കമ്മീഷൻ പത്തനംതിട്ട ജില്ലയിലെ പമ്പ, അച്ചൻകോവിൽ മണിമല നദിയിൽ മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു. ജലനിരപ്പ് ഉയർന്നതിനാൽ മൂഴിയാർ ജലസംഭരണിയിലെ രണ്ട് ഷട്ടറുകളും ഇന്നലെമുതൽ തുറന്ന് ജലം പുറത്തേക്ക് ഒഴുക്കുന്നുണ്ട്

*********************************

## ഇന്ത്യ- ഇംഗ്ലണ്ട്

മാഞ്ചസ്റ്റർ ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു. 4 വിക്കറ്റിന് 264 റൺസ് എന്ന നിലയിൽ രണ്ടാം ദിനം ബാറ്റിംഗ് പുനരാരംഭിച്ച ഇന്ത്യ, ഒടുവിൽ വിവരം ലഭിക്കുമ്പോൾ 8 വിക്കറ്റ് നഷ്ടത്തിൽ 349 റൺസെടുത്തിട്ടുണ്ട്. പരമ്പരയിൽ 2-1 ന് പിന്നിലുള്ള ഇന്ത്യക്ക് ഈ മത്സരം നിർണായകമാണ്.

*

*************

*******************************************

RNUTVPM